## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.റ്റി.1268    12.06.2014-ലെ മറുപടിക്ക്

## ആലപ്പുഴ എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വശങ്ങളിലുള്ള മരം മുറിക്കാൻ അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). ആലപ്പുഴ എൻ.എച്ച് ബൈപ്പാസ് റോഡിന്റെ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് നിലവിലുള്ള റോഡിന്റെ ഇരുവശങ്ങളിലുമുള്ള മരങ്ങൾ മുറിക്കുന്നതിന് പ്രത്യേക ടെണ്ടർ നൽകിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ). മരങ്ങൾ മുറിച്ചു മാറ്റാൻ അനുമതി നൽകിയിരുന്നു. ടി മരങ്ങൾ 03/01/2014-ൽ ലേലം നടത്തുകയുണ്ടായി. 16200/- രൂപ നിരതദ്രവ്യവും ഒരു ലക്ഷം രൂപ സെക്യൂരിറ്റിയും അടച്ച് 15 പേർ ലേലത്തിൽ പങ്കെടുത്തു. മതിയായ തുക ലഭിക്കാത്തതിനാൽ വീണ്ടും ടി വൃക്ഷങ്ങൾ 09/01/2014-ൽ പുനർലേലം ചെയ്തു. 8 പേർ പങ്കെടുത്തു. സർക്കാർ നിശ്ചയിച്ച തുക ലഭിക്കാത്തതിനാൽ പുനർലേലം നിർത്തിവച്ച് 17/01/2014-ൽ സീൽഡ് ക്വട്ടേഷൻ ക്ഷണിക്കുവാൻ തീരുമാനിച്ചു. അതിൻപ്രകാരം 17/01/2014 ൽ 2 സീൽഡ് ക്വട്ടേഷനുകൾ ലഭിക്കുകയുണ്ടായി. വിശദാംശങ്ങൾ താഴെ പറയുന്ന പ്രകാരമാണ്. |

| നമ്പർ | അഡ്രസ് | ക്വോട്ടഡ് റേറ്റ് | റിമാർക്സ് |
|---|---|---|---|
| 1. | അരുൺ ദാസ്, ശരണ്യ, ചിറക്കടവം, കായംകുളം | 205000 രൂപ + 14.5% വാറ്റ്, 5% എഫ് ഡി ടി | |
| 2. | സലിം, സുസു മൻസിൽ, വലിയകുളം, ആലപ്പുഴ | 97,991/- രൂപ | നിരസിച്ചു. |

| | |
|---|---|
| (ബി). എത്ര മരങ്ങൾ മുറിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്; ഏതെല്ലാം ഭാഗത്തു നിന്ന മരങ്ങളാണ് മുറിച്ചു മാറ്റാൻ അനുവദിച്ചത്; ആരാണ് അനുമതി നൽകിയത്; ആർക്കാണ് അനുമതി നൽകിയത് ; | (ബി). ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി അസി. കൺസർവേറ്റർ അനുമതി നൽകിയ 409 മരങ്ങൾ മുറിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. ആലപ്പുഴ ബൈപ്പാസിനു വേണ്ടി നിശ്ചയിച്ചിരുന്ന സ്ഥലത്തെ അതിരുകല്ലുകൾക്കുള്ളിൽ വരുന്ന സ്ഥലങ്ങളിലെ മരങ്ങളാണ് മുറിച്ചുമാറ്റാൻ അനുവദിച്ചത്.ശ്രീ. അരുൺ ദാസിന്റെ ക്വട്ടേഷൻ അംഗീകരിച്ച് മരം മുറിക്കുവാനുള്ള അനുമതി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ നൽകുകയുണ്ടായി. |

(സി). റോഡിൽ നിന്നും വളരെ അകന്നുനിന്ന തണൽ മരങ്ങൾ അടക്കം മുറിച്ചുമാറ്റുവാനുണ്ടായ സാഹചര്യം എന്താണ്; മുറിച്ചു മാറ്റിയ ഓരോ മരത്തിന്റെയും ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

(സി). ആലപ്പുഴ ബൈപ്പാസ് പൂർണ്ണതോതിൽ പൂർത്തിയാകുമ്പോൾ നാലുവരിപ്പാതയായി പൂർത്തീകരിക്കാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ സ്ളിപ്പ് റോഡ്, സർവ്വീസ് റോഡ്, ഓട മുതലായവ വരുമ്പോൾ ഇപ്പോഴത്തെ റോഡിൽ നിന്നും അകന്നു നിൽക്കുന്ന മരങ്ങൾ കൂടി മുറിച്ചുമാറ്റേണ്ടിവരും. ഇത് സ്ഥിതി ചെയ്യുന്നത് ബൈപ്പാസിനുവേണ്ടി ഏറ്റെടുത്ത സ്ഥലത്തിന്റെ അതിരുകൾക്കുള്ളിലാണ്. ആലപ്പുഴ ബൈപ്പാസ് ഇ.പി.സി. (എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ) രീതിയിലാണ് നടപ്പാക്കുന്നത്, ആയതിലേയ്ക്ക് എല്ലാവിധ തടസ്സങ്ങളും ഒഴിവാക്കി മാത്രമെ സ്ഥലം കൈമാറാൻ പാടുള്ളൂ. ആയതിനാൽ ആണ് മരങ്ങൾ മുറിച്ചുമാറ്റുവാൻ നടപടി സ്വീകരിച്ചത്. മുറിച്ചുമാറ്റുവാൻ സോഷ്യൽ ഫോറസ്റ്ററി അസ്സി. കൺസർവേറ്റർ അനുവാദം നൽകിയ മരങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ